ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM DATE: 20.01.2026

## പ്രധാനവാർത്തകൾ

1. രാജ്യത്തിൻറെ വസ്ത്രനിർമാണ മേഖല വൻവളർച്ചയുടെ പാതയിലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം വീടുകളും 22 ഭവന സമുച്ചയങ്ങളും നിർമിക്കുമെന്ന് നയ പ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. നിയമസഭാ ബജറ്റ് സമ്മേളനത്തിന് തുടക്കമായി.
3. ശബരിമല സ്വർണ അപഹരണ കേസിലെ പ്രതികളുടെ വീടുകളിലും ഓഫീസുകളിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെയ്ഡ്.
4. സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ വേതനം പരിഷ്കരിക്കാൻ തീരുമാനം.
5. സംസ്ഥാനത്തെ എല്ലാ ചികിൽസാകേന്ദ്രങ്ങളും ഫീസ് നിരക്കുകൾ പരസ്യമായി പ്രദർശിപ്പിക്കണമെന്ന് ആരോഗ്യവകുപ്പ്.
6. സന്തോഷ് ട്രോഫി ടൂർണ്ണമെൻറിനായി കേരള ഫുട്ബോൾ ടീം അസമിലെത്തി. വ്യാഴാഴ്ച പഞ്ചാബിനെതിരെ ആദ്യ മത്സരം.

RNU TVPM

പ്രധാനമന്ത്രി -വസ്ത്രനിർമാണമേഖല

രാജ്യത്തിൻറെ വസ്ത്രനിർമാണ മേഖല വൻവളർച്ചയുടെ പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരമ്പരാഗതവും പൈതൃകവുമായ വ്യവസായത്തിലൂടെ വൻതൊഴിലവസരമാണ് സൃഷ്ടിക്കുന്നത്. ജനങ്ങളെ കേന്ദ്രീകരിച്ചുള്ള വളർച്ചയുടെ എഞ്ചിനായി

ടെക്സ്റ്റൈൽ മേഖലയെ പരിവർത്തനം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. വസ്ത്രനിർമാണ മേഖലയെ കുറിച്ച് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് എഴുതിയ ലേഖനം പങ്കുവെച്ച പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചതാണ് ഈ വരികൾ.

☸☸☸☸☸☸☸☸☸☸☸☸☸

**ഗവർണർ -നിയമസഭ**

അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം വീടുകളും 22 ഭവന സമുച്ചയങ്ങളും നിർമിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. നിയമസഭയിൽ എൽ.ഡി.എഫ് സർക്കാറിൻറെ അവസാന നയപ്രഖ്യാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കൊച്ചിയിൽ 500 ടൺ വേസ്റ്റ്- ടു -എനർജി പ്ലാന്റിന്റെ നിർമ്മാണം മെയ് മാസത്തോടെ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു . NORKA വകുപ്പ് വഴി, വിദേശത്ത് ജോലി ചെയ്യുന്ന കേരളത്തിലെ സ്ത്രീകൾക്ക് പിന്തുണയും കൌൺസിലിംഗും നൽകുന്നതിനായി പ്രതിബദ്ധതയുള്ള ഒരു വനിത സെൽ രൂപീകരിക്കുമെന്നും ഗവർണർ അറിയിച്ചു. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിനാണ് ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെ ഇന്ന് തുടക്കമായത്. 29-ന് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

**സി എം – നിയമസഭ**

നയ പ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ മാറ്റം വരുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.ഗവർണർ ഒഴിവാക്കിയ ഭാഗങ്ങൾ താൻ സഭയിൽ വായിച്ചതായും അദ്ദേഹം പറഞ്ഞു. മന്ത്രി സഭ അംഗീകരിച്ച നയപ്രഖ്യാപനത്തിൽ ഗവർണർ മാറ്റം വരുത്തിയത് ചട്ട ലംഘനമാണെന്ന് സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. നയപ്രഖ്യാപനം അസത്യങ്ങൾ നിറഞ്ഞതാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**പ്രധാനമന്ത്രി തിരുവനന്തപുരം സന്ദർശിക്കും. (ഇൻട്രോ)**

പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളിയാഴ്ച തിരുവനന്തപുരം സന്ദർശിക്കും. സന്ദർശനം പൂർത്തിയാക്കി അന്ന് തന്നെ പ്രധാനമന്ത്രി തിരികെ പോകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി ജി ആർ അനിൽ**

സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ വേതനം ഈ മാസം മുതൽ പരിഷ്കരിക്കാൻ തീരുമാനം. റേഷൻ വ്യാപാരികളുടെ വേതന പാക്കേജുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി ഭക്ഷ്യ -ധനകാര്യ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലാണ് തീരുമാനം. പ്രതിമാസം 15ക്വിന്റൽ വരെയുള്ള വിതരണത്തിന് 6,800 രൂപയാണ് കമ്മീഷൻ . 15 ക്വിന്റലിനു മുകളിൽ 45 ക്വിന്റൽ വരെ 9000 രൂപ നൽകും. വ്യാപാരികൾക്കുള്ള പരമാവധി അടിസ്ഥാന വേതനം 18000 രൂപയിൽ നിന്ന് 21000 രൂപയായും വർദ്ധിപ്പിച്ചു. അധിക കമ്മീഷൻ 180 രൂപ എന്നുള്ളത് 270 രൂപയായും വർധിപ്പിച്ചിട്ടുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഇ ഡി റെയിഡ്**

ശബരിമല സ്വർണ അപഹരണ കേസിലെ പ്രതികളുടെ വീടുകളിലും ഓഫീസുകളിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെയ്ഡ്. ഉണ്ണിക്കൃഷ്ണൻ പോറ്റി, എ. പത്മകുമാർ, എൻ. വാസു, മുരാരി ബാബു, ഗോവർധൻ, പങ്കജ് ഭണ്ഡാരി തുടങ്ങിയവരുടെ വീടുകളിലും ഓഫീസുകളിലുമാണ് റെയ്ഡ് നടത്തിയത്. നിരവധി രേഖകൾ കണ്ടെടുത്തതായാണ് സൂചന. അതിനിടെ, ദ്വാരപാലകശിൽപ്പങ്ങളിലെ സ്വർണ്ണം അപഹരിച്ച കേസിൽ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിക്ക് ജാമ്യം ലഭിച്ചു. കട്ടിളപ്പാളി കേസിൽ റിമാൻഡിലായതിനാൽ ഉണ്ണികൃഷ്ണൻ പോറ്റി ജയിലിൽ തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

**എസ് ഐ ടി പരിശോധന**

ശബരിമല സ്വർണ അപഹരണക്കേസിൽ എസ് ഐ ടി യുടെ പരിശോധന ശബരിമലയിൽ ആരംഭിച്ചു.സ്ട്രോങ്ങ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന പഴയ വാതിലും പ്രഭാമണ്ഡലവും അടക്കം വിദഗ്ധരുടെ സാന്നിധ്യത്തിൽ പ്രത്യേക അന്വേഷണസംഘം പരിശോധിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**കണക്ട് ടു വർക്ക് -ഇൻട്രോ**

മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർ, സ്കിൽ പരിശീലനം നടത്തുന്നവർ എന്നിവർക്ക് സ്കോളർഷിപ്പ് നൽകുന്ന കണക്ട് ടു വർക്ക് പദ്ധതിയ്ക്ക് നാളെ തുടക്കമാകുമെന്ന് മന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

തിരുവനന്തപുരം കനകക്കുന്നിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്.........**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**ആരോഗ്യവകുപ്പ്**

സംസ്ഥാനത്തെ എല്ലാ ആരോഗ്യസ്ഥാപനങ്ങളും ഫീസ് നിരക്കുകൾ, പരാതി പരിഹാര സംവിധാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ പൊതുജനങ്ങൾ കാണുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്ന് ആരോഗ്യവകുപ്പ്. മുൻകൂർ തുകയടച്ചില്ല, രേഖകളില്ല തുടങ്ങിയ കാരണങ്ങളാൽ രോഗിയ്ക്ക് ചികിത്സ നിഷേധിക്കരുത്. ഡിസ്ചാർജ് ചെയ്യാലുടൻ എല്ലാ ചികിത്സാ രേഖകളും പരിശോധനാ റിപ്പോർട്ടുകളും രോഗിക്ക് നൽകണമെന്നും ആരോഗ്യവകുപ്പ് നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

**എസ്.ഐ.ആർ-കോഴിക്കോട്**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഇലക്ടറൽ റോൾ ഒബ്സർവർ എം ജി രാജമാണിക്യത്തിന്റെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു. അർഹരായ എല്ലാവരെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തണമെന്നും ആരെയും വിട്ടുപോകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഒബ്സർവർ നിർദേശം നൽകി. വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ജില്ലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് വിശദീകരിച്ചു..

**മന്ത്രി വി.എൻ വാസവൻ**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം 2028ൽ പൂർത്തീകരിക്കുമെന്നും അടുത്ത ഘട്ടങ്ങളുടെ നിർമ്മാണോദ്ഘാടനം ഈ മാസം 24ന് വൈകീട്ട് 4ന് മുഖ്യമന്ത്രി നിർവ്വഹിക്കുമെന്നും മന്ത്രി വി.എൻ വാസവൻ. പതിനായിരം കോടി രൂപയാണ് പദ്ധതിക്കായി ചെലവിടുന്ന തെന്നും സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യവേ അദ്ദേഹം പറഞ്ഞു. 2024 ഡിസംബർ 3ന് പ്രവർത്തനം തുടങ്ങിയ തുറമുഖത്ത് 670 കപ്പലുകളിലായി 14.5 ലക്ഷം കണ്ടെയ്നറുകൾ തുറമുഖത്ത് എത്തി.

RNU TVPM

**പ്രത്യേക ചർച്ച**

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ ഏഴു ദശാബ്ദങ്ങളിലെ വിദ്യാഭ്യാസ പുരോഗതി എന്ന വിഷത്തിൽ നാളെ ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ കേരള കേന്ദ്ര സർവകലാശാല മുൻ പ്രൊ - വൈസ് ചാൻസലർ ഡോ. കെ ജയപ്രസാദ് സംസാരിക്കുന്നു.

**സന്തോഷ് ട്രോഫി ( ഇൻട്രോ )**

എഴുപത്തൊൻപതാമത് സന്തോഷ് ട്രോഫി ടൂർണ്ണമെൻറിനായി കേരള ഫുട്ബോൾ ടീം അസമിലെത്തി. വ്യാഴാഴ്ച പഞ്ചാബിനെതിരായാണ് കേരളത്തിന്റെ ആദ്യ മത്സരം.

**ആകാശവാണിക്ക് വേണ്ടി സുരേഷ്ബാബു ത യ്യാറാക്കിയ റിപ്പോർട്ട്....**
**( വോയിസ്....)**

❁❁❁❁❁❁❁❁❁❁❁❁❁

**രാഹുൽ മാ ങ്കൂട്ടത്തിൽ**

ലൈംഗിക പീഡനക്കേസിൽ ജാമ്യം തേടി രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ സമർപ്പിച്ച ഹർജി പരിഗണിക്കുന്നത് പത്തനംതിട്ട ജില്ല സെഷൻസ് കോടതി മാറ്റി. ഹർജി ഈ മാസം 22 ന് പരിഗണിക്കും. പൊലീസ് റിപ്പോർട്ട് കൂടി ലഭിച്ച ശേഷം ആയിരിക്കും ജാമ്യാപേക്ഷയിൽ വാദം കേൾക്കുക.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

ബലാത്സംഗ പരാതിയിൽ വ്യക്തമായ അന്വേഷണം നടത്താതെ കോടതിയിൽ തെറ്റായ റിപ്പോർട്ട് സമർപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കാൻ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ഉത്തരവിട്ടു.കുറ്റാരോപിതനായ എം.എൻ ജനാർദ്ദനൻ നമ്പ്യാരുടെ പരാതിയിൽ നടത്തിയ അന്വേഷണത്തെ തുടർന്നാണ് നടപടി. പോലീസ് ഉദ്യോഗസ്ഥർ കെ. ജി. സുരേഷ്, കെ. സുദർശൻ, ശിവദാസൻ എന്നിവർക്കെതിരെ കേസെടുക്കാൻ തൃശൂർ റേഞ്ച് ഐജിപിക്ക് അതോറിറ്റി നിർദ്ദേശം നൽകി. കേസിൽ ജനാർദ്ദനൻ നമ്പ്യാരെ കോടതി കുറ്റവിമുക്തനാക്കിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി കെ.എ ൻ. ബാലഗോപാ ൽ**

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇൻസിനറേറ്ററും മെൻസ്ട്രുവൽ കപ്പും വിതരണം ചെയ്യുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം മുട്ടറ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. മിഷൻ വൈസ് ചെയർപേഴ്സൺ ടി.എൻ. സീമ പദ്ധതി വിശദീകരണം നടത്തി.

☸☸☸☸☸☸☸☸☸☸☸☸☸

മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

ഓഹരി + സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,066 പോയിന്റ് ഇടിഞ്ഞ് 82,180 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 353 പോയിന്റ് നഷ്ടത്തിൽ 25,233 ലും വ്യാപാരം അവസാനിപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸
☸☸☸☸☸☸

RNU TVPM